## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 402 — 20/10/2016 ൽ മറുപടി

## സ്കൂളുകളുടെ സുരക്ഷ മാനദണ്ഡങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ. കെ. രാജൻ<br>ശ്രീ. മുഹമ്മദ് മുഹസിൻ പി. | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് സ്കൂളുകളുടെ സുരക്ഷ സംബന്ധിച്ച് വിലയിരുത്തുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ; | (എ) | അതാത് വർഷം സ്കൂൾ തുറക്കുന്നതിന് മുൻപ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ അവരുടെ പരിധിയിൽ വരുന്ന സ്കൂളുകളിൽ പരിശോധന നടത്തി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നു. ഇപ്രകാരം പരിശോധന നടത്തുന്ന സമയങ്ങളിൽ കെട്ടിടങ്ങളുടെ ഫിറ്റ്നസ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാറുണ്ട്. സർക്കാർ സ്കൂളുകളെ സംബന്ധിച്ച് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുകയും എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളെ സംബന്ധിച്ച് ആവശ്യമായ നടപടികൾ മാനേജർമാർ നടപ്പിൽ വരുത്തുകയും ചെയ്യുന്നു. |
| (ബി) | സ്കൂൾ കെട്ടിടങ്ങൾക്ക് യോഗ്യതാ പത്രം (Fitness Certificate) നൽകുന്നതിന് മുമ്പ് സുരക്ഷ സംബന്ധിച്ച പരിശോധന നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ടോ; | (ബി) | ഉണ്ട്. എല്ലാ വർഷവും ഫെബ്രുവരി 28 ന് മുൻപായി തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയർമാർ സംസ്ഥാനത്തെ എല്ലാ സ്കൂൾ കെട്ടിടങ്ങളുടെയും സുരക്ഷ പരിശോധിച്ച് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസറെ മാർച്ച് 31 ന് മുൻപായി അറിയിക്കേണ്ടതാണെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് അൻപത് വർഷത്തിലേറെ പഴക്കമുള്ള സ്കൂൾ കെട്ടിടങ്ങളുടെ ഒരു സുരക്ഷാ ആഡിറ്റ് നടത്തുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കുമോ? | (സി) | ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ